**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച ബി.കോം (ഡാറ്റാ അനലിറ്റിക്സ്) മോഡൽ III പ്രോഗ്രാമിന്റെ അംഗീകരിച്ച സിലബസ്സിലെ ടൈപ്പിംഗ് പിഴവുകൾ തിരുത്തൽ വരുത്തി അംഗീകരിക്കുന്നതിനുള്ള ശിപാർശ - അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 8028/AC A 9/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 25.07.2023

---

*പരാമർശം:*-1.19.09.2022 തീയതിയിലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 9554/Ac A 9/ 2022/എം.ജി യു .

2. അദ്ധ്യക്ഷൻ, ബോർഡ് ഓഫ് സ്റ്റഡീസ്, കൊമേഴ്സ് (യു.ജി) - യുടെ 17.03.2023 തീയതിയിലെ ശിപാർശ.

3. 26.05.2023 തീയതിയിലെ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 32/143103 /AC A 9 -2 / 2021 (07.07.2023 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (23.04 ) ഇനം നമ്പർ 01/23.04/2300012 ആയി സമർപ്പിച്ചത്).

**ഉത്തരവ്**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച ബി.കോം (ഡാറ്റാ അനലിറ്റിക്സ്) മോഡൽ III പ്രോഗ്രാമിന്റെ സിലബസ് അംഗീകരിച്ച് പരാമർശം (1) പ്രകാരം സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ടി പ്രോഗ്രാമിന്റെ സ്കീമിൽ നാലാം സെമസ്റ്ററിൽ അഞ്ചാമതായി രേഖപ്പെടുത്തിയ കോഴ്സിന് നേരെ (Practical Examinations for Data Analytics for Commerce and Programming Languages in Data Analytics) For Data Analytics Stream എന്ന് രേഖപ്പെടുത്തുന്നതിന് പകരം For Computer Application എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു.കൂടാതെ CO4OCP01 എന്ന കോഴ്സ് കോഡ് സാങ്കേതിക കാരണങ്ങളാൽ CO4OCP04 എന്ന് തിരുത്തൽ വരുത്തേണ്ടതും ഉണ്ടായിരുന്നു.പ്രസ്തുത വിഷയം ബോർഡ് ഓഫ് സ്റ്റഡീസ്, കൊമേഴ്സ് (യു.ജി) - യുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരാമർശം (2) പ്രകാരം ശിപാർശകൾ ലഭിക്കുകയും ചെയ്തിരുന്നു.വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് 26.04.2023 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവ് നൽകിയിരുന്നു.

26.05.2023 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരാമർശം (3) പ്രകാരം ഇപ്രകാരം തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ പുതുതായി ആരംഭിച്ച ബി.കോം ഡാറ്റാ അനലിറ്റിക്സ് മോഡൽ III പ്രോഗ്രാമിന്റെ തിരുത്തൽവരുത്തി സമർപ്പിച്ച സ്കീം ആൻഡ് സിലബസ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു ".

Draft #9 of File 143103/AC A9-2/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Jul-2023 01:33 PM - Page 1

ടി തീരുമാനം 07.07.2023 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (23.04) ഇനം നമ്പർ 01/23.04/2300012 ആയി സമർപ്പിച്ചിരുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2.രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
3.ജെ. ആർ II(ഭരണവിഭാഗം)/ ഡി ആർ II/ എ ആർ III(അക്കാദമിക് വിഭാഗം )
4.ഡോ.മനോജ് നാരായണൻ കെ. എസ്, അദ്ധ്യക്ഷൻ, ബോർഡ് ഓഫ് സ്റ്റഡീസ് (കൊമേഴ്സ് (യു ജി))
5.പി.ആർ.ഒ /ഐ ക്യു എ സി /എ .സി.സി.1/എ.സി.സി 2/ റെക്കോർഡ്സ് സെക്ഷനുകൾ
6.ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File No .143103 / Ac A 9-2/2021/Ac A 9

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #9 of File 143103/AC A9-2/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Jul-2023 01:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം